## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - കോടഞ്ചേരി ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ പൂർണ്ണ സാമ്പത്തിക അധികാരത്തോട് കൂടിയ അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: ബി 1/29629/2017/കോ.വി.വ (2) തീയതി: 29/06/2018

---

പരാമർശം:- 12/06/2018 തീയതിയിലെ കോടഞ്ചേരി ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ ബി - 298/2018 നമ്പർ കത്ത്.

### ഉത്തരവ്

കോടഞ്ചേരി ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ. ഹിത എൻ. 31/05/2018 -ൽ വിരമിച്ചതിനാൽ ടി കോളേജിലെ പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോടെയുള്ള പൂർണ്ണ അധിക ചുമതല സാമ്പത്തിക ശാസ്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സി. കൃഷ്ണന് നൽകണമെന്ന് മേൽ പരാമർശ പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ കോടഞ്ചേരി ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല പ്രസ്തുത കോളേജിലെ സാമ്പത്തിക സാസ്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സി. കൃഷ്ണന് സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവാകുന്നു.

ഒപ്പ്/-
ഹരിത വി കുമാർ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1) ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കും ഉദ്യോഗസ്ഥർക്കും (ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2) പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം)
3) അക്കൗണ്ടന്റ് ജനറൽ, കോട്ടയം
4) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈപ്ഗി: 29/6/18

145735

GOVERNMENT OF KERALA 2017-18